പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2332 05.12.2018 ൽ മറുപടിയ്ക്ക്

## കേരളത്തിലെ ഈ വർഷത്തെ നെല്ല് സംഭരണം

ചോദ്യം
ശ്രീ.കെ.വി.വിജയദാസ്

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളത്തിലാകെ ഈ വർഷം എത്ര ക്വിന്റൽ നെല്ല് സംഭരിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ; | (എ) | സംസ്ഥാനത്ത് 28.11.2018 വരെ 81443.256 ക്വിന്റൽ നെല്ല് സംഭരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സംഭരണ നെല്ലിന്റെ പണം മുഴുവനും കർഷകർക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) | നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് 2017-18 സീസണിൽ സംഭരിച്ച നെല്ലിന്റെ മുഴുവൻ തുകയും കർഷകർക്ക് നൽകിയിട്ടുണ്ട്. 2018-19 ൽ 28.11.18 വരെ 169.86 കോടി രൂപ നെല്ലിന്റെ സംഭരണ വിലയായി നൽകുകയും, 36.35 കോടി രൂപ നൽകുവാനുള്ളതുമാകുന്നു. കർഷകർ പി.ആർ.എസ് (പാഡി റസീപ്റ്റ് ഷീറ്റ്) ബന്ധപ്പെട്ട ബാങ്കിൽ സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമെ നെല്ലിന്റെ സംഭരണ തുക വിതരണം പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ. |
| (സി) | കുടിശ്ശിക വരുത്താതെ സംഭരിക്കുമ്പോൾ തന്നെ നെല്ലിന്റെ വില നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | കുടിശ്ശിക വരുത്താതെ നെല്ലിന്റെ സംഭരണ വില നൽകുവാൻ ഉദ്ദേശിച്ച്കൊണ്ട് കഴിഞ്ഞ സീസൺ മുതൽ നടപ്പാക്കിയ പി.ആർ.എസ്. വായ്പാപദ്ധതി വഴി നെല്ല് സംഭരിച്ച ഉടൻ തന്നെ കർഷകർക്ക് സംഭരണ വില ലഭ്യമാക്കുവാൻ കഴിയുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ജില്ല | 2018-19 സീസൺ (28/11/2018 വരെ) |
|---|---|
| | |
| ആലപ്പുഴ | 0 |
| കോട്ടയം | 14.916 |
| പാലക്കാട് | 79995.239 |
| തൃശ്ശൂർ | 1209.49 |
| പത്തനംതിട്ട | 0 |
| എറണാകുളം | 91.851 |
| മലപ്പുറം | 93.357 |
| വയനാട് | 0 |
| ഇടുക്കി | 0 |
| കൊല്ലം | 38.403 |
| തിരുവനന്തപുരം | 0 |
| കണ്ണൂർ | 0 |
| കാസറഗോഡ് | 0 |
| കോഴിക്കോട് | 0 |
| **Total** | ***81443.256*** |

സെക്ഷൻ ഓഫീസർ